13. സ്കൂളിന്റെ സ്ഥലം കൈമാറ്റം

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കുളത്തുപ്പുഴ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഇട്ടിവ, അലയമൺ പഞ്ചായത്തുകളിൽ കുടിവെള്ളം കിട്ടുന്നതിനായി ഒരു ടാങ്ക് നിർമ്മിക്കുന്നതിന് ഇട്ടിവ പഞ്ചായത്ത് എന്റെ കത്തുകൂടിവച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു നിവേദനം നൽകിയിട്ടുള്ളതാണ്. വയല ഹയർ സെക്കൻഡറി സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തുനിന്ന് ടാങ്ക് നിർമ്മിക്കാൻ അഞ്ച് സെന്റ് ഭൂമി വിട്ടുകൊടുക്കുന്നതിന് ജില്ലാ പഞ്ചായത്തുൾപ്പെടെ കൊല്ലം ഡി.ഡി. യുടെ അനുവാദവും നൽകിയിട്ടുള്ളതാണ്. അത് കണ്ടിജന്റിൽ വച്ച് പ്രസ്തുത കുടിവെള്ള പദ്ധതിക്കായി ടാങ്ക് നിർമ്മിക്കുന്നതിന് അഞ്ച് സെന്റ് സ്ഥലം അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വയല ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തു നിന്നും അഞ്ച് സെന്റ് സ്ഥലം കുടിവെള്ള സംഭരണി കെട്ടുന്നതിന് അനുവദിക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ സർക്കാരിന് ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അന്വേഷണം നടത്തുകയും ജലസംഭരണി നിർമ്മിക്കുന്നതുകൊണ്ട് സ്കൂളിന്റെ മറ്റ് പ്രവർത്തനങ്ങളെ യാതൊരുതരത്തിലും ദോഷകരമായി ബാധിക്കുകയില്ലെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. സ്കൂൾ പി.ടി.എ.-യും ജലസംഭരണിക്കായി ശുപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്കൂളിന്റെ കൈവശമുള്ള സ്ഥലത്തുനിന്നും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം വിദ്യാഭ്യാസ വകുപ്പിൽ തന്നെ നിലനിൽക്കുന്നതായിരിക്കുമെന്ന വ്യവസ്ഥയിൽ അഞ്ച് സെന്റ് സ്ഥലം കുടിവെള്ള സംഭരണി നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

14. സ്ഥിര നിയമനം

ശ്രീ. കെ. എൻ. എ ഖാദർ: സർ, ഹയർ സെക്കൻഡറി ഡയറക്ടറേറ്റിൽ ഇപ്പോൾ ജോലി ചെയ്യുന്നവരിൽ ഭൂരിപക്ഷവും സർവ്വകലാശാലകളിൽ നിന്നും മറ്റുമായി ഡെപ്യൂട്ടേഷനിൽ വന്നവരാണ്. പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർ തസ്തികകളിൽ യു.ജി.സി. സ്കെയിൽ ശമ്പളം വാങ്ങുന്നവരിൽ പലരും ഈ ഡയറക്ടറേറ്റിൽ സസുഖം കഴിയുകയാണ്. അവരൊക്കെ 75,000-1,00,000 രൂപ വരെ പ്രതിഫലം കൈപ്പറ്റുന്നവരുമാണ്. ഇവരുടെ ശമ്പളത്തിനും പെൻഷനും മറ്റുമായി വൻ തുക നൽകുന്നത് ഹയർ സെക്കൻണ്ടറി ഡിപ്പാർട്ടുമെന്റാണ്. ആവശ്യത്തിന് സ്ഥിരം തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നൽകിയാൽ ഈ ശമ്പളബാധ്യതകൊണ്ടുതന്നെ ആവശ്യമായത്ര ജീവനക്കാരെ ഈ ഡയറക്ടറേറ്റിലും ആർ.ഡി.ഡി. ഓഫീസുകളിലും നിയമിക്കാൻ കഴിയും. ഇപ്പോൾ ആവശ്യത്തിന് ആളുമില്ല

LIBRARY ARCHIVES Kerala Legislative Assembly